# 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2459** — **15-10-2024 - ൽ മറുപടിയ്ക്ക്**

## നെയ്യാറ്റിൻകര മണ്ഡലത്തിലെ വ്യവസായ സ്ഥാപനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ ആറാലുംമൂട് കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡ് , കൊറ്റാമത്തുള്ള കെൽപാം, കാരോട്ടുള്ള പവർലൂം എന്നീ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് 2024-25 സാമ്പത്തിക വർഷത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഓരോ സ്ഥാപനത്തിനും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ? | (എ) | ആറാലുംമൂടുള്ള കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് 2024-25 സാമ്പത്തിക വർഷത്തിൽ പ്രവർത്തനമൂലധനമായി 3 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും 1.67 കോടി രൂപ റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ കഴിഞ്ഞ സാമ്പത്തികവർഷം NPA കുടിശ്ശിക തീർപ്പാക്കുന്നതിനായി അനുവദിച്ച 88 ലക്ഷം രൂപ ഇ – ലെഡ്ജർ മുഖേന ഈ വർഷം റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. കൊറ്റാമത്തുള്ള കെൽപാമിന് ഈ സാമ്പത്തിക വർഷം പദ്ധതി വിഹിതമായി 65 ലക്ഷം രൂപയും പ്രവർത്തനമൂലധനമായി 50 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ നിന്നും ആകെ 90 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. ഇതുകൂടാതെ കഴിഞ്ഞ സാമ്പത്തികവർഷം കെൽപാമിന് ഭരണാനുമതി നൽകിയ തുകയിൽ 14.95 ലക്ഷം രൂപയും ഈ സാമ്പത്തിക വർഷം റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്.<br><br>ടെക്സ്ഫെഡിന്റെ മെമ്പർ പവർലൂം സൊസൈറ്റിയായ നെയ്യാറ്റിൻകര താലൂക്ക് ഇന്റഗ്രേറ്റഡ് പവർലൂം വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 2024-25 സാമ്പത്തിക വർഷത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 15 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ഇതിൽ 5 ലക്ഷം രൂപ കൈത്തറി ടെക്സ്റ്റൈൽസ് ഡയറക്ടർക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ